# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.305** 07/08/2017- ൽ മറുപടിയ്ക്ക്

## കിന്റർ ഗാർട്ടൻ പ്രവർത്തനം

**ചോദ്യം**

**ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്**

(എ) സംസ്ഥാനത്തെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിൽ ഏതൊക്കെ നിയന്ത്രണങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇത് നിലവിലുള്ള ഏത് നിയമപ്രകാരമാണ്; വിശദവിവരം നൽകുമോ;

(ബി) ഇത്തരം സ്വകാര്യ കിന്റർ ഗാർട്ടനുകളിൽ കുട്ടികളോട് കാട്ടുന്ന ക്രൂരതയ്ക്ക് കടിഞ്ഞാണിടുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; ഇതനുസരിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്ന് കാണിച്ച് ഏതെങ്കിലും സർക്കുലറോ, ഉത്തരവുകളോ പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ പോലീസ് അധികാരികൾക്ക് എന്തെങ്കിലും അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

(എ)-(സി) സംസ്ഥാനത്തെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിൽ സാമൂഹ്യനീതി വകുപ്പ് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും സ്വീകരിച്ചു വരുന്നില്ല. എന്നാൽ എറണാകുളം പാലാരിവട്ടത്തുള്ള 'കളിവീട്' എന്ന ഡേ കെയർ സ്ഥാപനത്തിലെ നടത്തിപ്പുകാരി ഒരു കൊച്ചു കുട്ടിയെ മർദ്ദിക്കുന്നതായ രംഗങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ പുറത്തുവന്നതിനെത്തുടർന്ന് 18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സംരക്ഷണം ഐ.സി.പി.എസ് (സമഗ്ര ശിശു സംരക്ഷണ പദ്ധതി)യുടെ ഭാഗമായതിനാൽ ഇത്തരം ഡേ കെയർ സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഐ.സി.പി.എസ് തലത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. സ്വകാര്യ കിന്റർ ഗാർട്ടൻ സ്ഥാപനങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്ന് കാണിച്ച് സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലറോ, ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ